LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്തംബർ 10, ചൊവ്വ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 1985 സെപ്തംബർ 10-ാംതീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഫോറസ്റ്റ് ഗാർഡുകൾ

*78 [120] ശ്രീ. കാനം രാജേന്ദ്രൻ:

,, കെ. പി. പ്രഭാകരൻ:

,, കെ. ടി. കുമാരൻ:

,, എം. കെ. കേശവൻ:

ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ചതുരശ്ര കിലോമീറ്റർ വനത്തിന് എത്ര ഫോറസ്റ്റ് ഗാർഡുകളാണിപ്പോൾ അനുവദിക്കപ്പെട്ടിട്ടുള്ളത്;

(ബി) ഈ വിഭാഗത്തിന്റെ മൊത്തം സംഖ്യാബലം എത്ര;

(സി) വിവിധ കാരണങ്ങളാൽ നിലവിലുള്ള ഒഴിവുകളും അതർ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ടവരുംകഴിച്ച് എത്രപേർ യഥാർത്ഥത്തിൽ പ്രൊട്ടക്ഷൻ ഡ്യൂട്ടിയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരായി ഉണ്ടെന്നു വ്യക്തമാക്കുമോ?

വനം വകുപ്പുമന്ത്രി (ശ്രീ.കെ.പി. നൂറുദ്ദീൻ):

(എ) ഒരു ഫോറസ്റ്റർ ഗാർഡിന് 50 ച. കി. മീറ്റർ വനം

(ബി) 1745

(സി) 1651 ഗാർഡുമാർ

ശ്രീ. കാനം രാജേന്ദ്രൻ: ഒരു ഫോറസ്റ്റർ ഗാർഡിന് 50 ച. കി. മീറ്റർ വനമാണ് സൂക്ഷിക്കാനുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. കേരളത്തിലെ വനം സംരക്ഷിക്കുന്നതിനാവശ്യമായ ഗാർഡുകളും ഇല്ലെന്നുള്ളത് കണക്കിലെടുത്ത് കൂടുതൽ ഫോറസ്റ്റർ ഗാർഡുകളെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ട് അനുസരിച്ച് ഏതാണ്ട് 2100 ഗാർഡുമാരെങ്കിലും ഉണ്ടാകണമെന്നാണ്. ഇപ്പോൾ അത്രയുമില്ല. പോരാത്തത് നേടിയെടുക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. കാനം രാജേന്ദ്രൻ: വനം കൊള്ളക്കാർ ബഹുമാനപ്പെട്ട മന്ത്രിയുടെ ഡിപ്പാർട്ടുമെന്റിനെക്കാൾ ശക്തൻമാരാണെന്നുള്ളതുകൊണ്ട് അവരെ നേരിടുന്നതിനുവേണ്ടി ഫോറസ്റ്റർ ഗാർഡുകൾക്ക് പ്രത്യേക ട്രെയിനിംഗും അവർക്കാവശ്യമായ വാഹനങ്ങളും മറ്റുപകരണങ്ങളും എന്നിവയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഓരോ ഗാർഡിനും ആയുധങ്ങളും വാഹനങ്ങളും നൽകുകയെന്നുള്ളത് വളരെ പ്രയാസകരമായ കാര്യമാണ്. വനം കൊള്ളക്കാരുടെ ശക്തിയും ദ്രോഹവും കൂടുതലുള്ള സ്ഥലങ്ങൾ പ്രത്യേകമായി പരിഗണിച്ച് അവിടങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നതാണ് ഗവൺമെന്റിന്റെ നയം.

ശ്രീ. കെ. പി. പ്രഭാകരൻ: വനം സംരക്ഷണത്തെ സംബന്ധിച്ചിടത്തോളം ഒരു കേന്ദ്രനിയമം വന്നിട്ടുള്ള സാഹചര്യത്തിൽ ഇതിന് അഖിലേൻഡ്യാ അടിസ്ഥാനത്തിൽ പൊതു പാറ്റേൺ ഉണ്ടോ? മറ്റ് സ്റ്റേറ്റുകളുടെ സ്റ്റാഫിന്റെ അനുപാതവും നമ്മുടെ സ്റ്റേറ്റിന്റെ സ്റ്റാഫിന്റെ അനുപാതവും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: മറ്റു സംസ്ഥാനങ്ങളിലെ സ്റ്റാഫിന്റെ അനുപാതവുമായി തട്ടിച്ചുനോക്കിയിട്ടില്ല. മറ്റ് സ്റ്റേറ്റുകളിൽ എത്രയായാലും കേരളത്തിന്റെ പ്രത്യേക പരിതഃസ്ഥിതിയിൽ, കൂമി വളരെ കുറവും ജനസംഖ്യ കൂടുതലും ആണ് എന്നുള്ളത് പരിഗണിച്ച് പ്രത്യേക സംവിധാനമെന്നുള്ളനിലയിൽ ഇന്നുള്ള ബീറ്റുകളും പുനഃസംഘടിപ്പിച്ച് സെക്ഷനുകളും വർധിപ്പിച്ച് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് സംരക്ഷണ പ്രവർത്തനം ഫലപ്രദമാക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇപ്പോൾ സ്റ്റാഫിന്റെ സ്ട്രെങ്ത് വേണ്ടത്ര ഇല്ലാത്തതുകൊണ്ടും ആയുധങ്ങൾ ഇല്ലാത്തതിന്റെ ഫലമായിട്ടും പലപ്പോഴും വനം കൊള്ളക്കാരെ നേരിടാൻ കഴിയാത്തതായുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: വനം കൊള്ളക്കാരെ നേരിടുന്നതിന് ഡിപ്പാർട്ടുമെന്റിൽനിന്ന് റിപ്പോർട്ടുകൾ കിട്ടുന്ന അവസരത്തിൽ ഫലപ്രദമായി സഹായിക്കാനുള്ള മറ്റ് സംവിധാനം നിലവിലുണ്ട്. അത്യാവശ്യമുള്ള അവസരങ്ങളിൽ പോലീസിന്റെ സഹായവും മറ്റും സ്വീകരിക്കുന്നുമുണ്ട്.

ശ്രീ. എം. കെ. കേശവൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 1745 ഗാർഡുകൾ ഉണ്ടെന്നാണ്. ഫോറസ്റ്റ് ഗാർഡുകളെ നിയമിക്കുന്ന കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ ഹരിജനങ്ങൾക്ക് ന്യായമായ പ്രാതിനിധ്യം ലഭിക്കുന്നില്ല എന്ന പരാതി ഉണ്ടായിട്ടുണ്ട്. ആനകളെ ഓടിച്ച് കുഴിയിൽ ചാടിച്ച് പിടിക്കുന്നവരെക്കൂടി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഗാർഡുകളുടെ പട്ടികയിൽ ചേർത്ത് റിവ്യൂ കമ്മിറ്റി കണക്ക് നൽകുന്ന ഏർപ്പാട് ഉണ്ട്. ഈ ഡിപ്പാർട്ടുമെന്റിൽ ആളുകളെ നിയമിക്കുമ്പോൾ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ന്യായമായ പ്രാതിനിധ്യം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ആളുകളെ നിയമിക്കുന്നത് പി. എസ്. സി. യാണ്. നിലവിലുള്ള റിസർവേഷൻ തത്വമനുസരിച്ച് അവർക്കും പ്രാതിനിധ്യം കിട്ടും.

ശ്രീ. എം. കെ. കേശവൻ: ഒരു ഫോറസ്റ്റ് ഗാർഡിന് 50 ച.കി.മീ. വനമാണ് സൂക്ഷിക്കാനുള്ളതെന്ന് പറഞ്ഞു. വനപ്രദേശങ്ങളിൽ ഏതെങ്കിലും ഒരു പ്രദേശത്ത് മരം വെട്ടുകയോ വനങ്ങളിൽ മൃഗങ്ങളെ വേട്ടയാടുകയോ ചെയ്യുകയാണെങ്കിൽ മറ്റുള്ള സ്ഥലങ്ങളിൽ അറിയണമെങ്കിൽ കുറച്ചുദിവസം വേണ്ടിവരും. ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ കമ്മ്യൂണിക്കേഷൻ സൗകര്യം ഇല്ലാത്തതുകൊണ്ട് അടിയന്തിരമായി വയർലെസ് സെറ്റുകളോ അല്ലെങ്കിൽ വേണ്ടത്ര ആയുധങ്ങളോ കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.പി.നൂറുദ്ദീൻ: വയർലെസ് സെറ്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ ഇപ്പോൾ നടന്നുവരികയാണ്. മുമ്പ് ഈ സഭയിൽ അത് പറയുകയുണ്ടായി. വന്യജീവി സങ്കേതങ്ങൾ പരസ്പരം ബന്ധിപ്പിക്കുന്ന സംവിധാനമാണ് ഇപ്പോഴുള്ളത്. 1987-ൽ അതിന്റെ പ്രവർത്തനം പൂർത്തിയാകും. പൂർത്തിയായിക്കഴിഞ്ഞാൽ ഉടൻ ബാക്കി വനം മേഖലകൾ ബന്ധിപ്പിക്കുന്ന പരിപാടിയാണ് ഇപ്പോഴുള്ളത്.

ഡോ. എ. സുബ്ബറാവു: സാങ്ഷൻചെയ്ത പോസ്റ്റുകളിൽ നിലവിലുള്ള ഒഴിവുകൾ എത്ര? അദ്ദേഹം ഡ്യൂട്ടിയിൽ ഇരിക്കുന്നവർ എത്ര? അദ്ദേഹം ഡ്യൂട്ടി എന്ന് പറഞ്ഞാൽ എന്താണ് ജോലിയെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: 1745 ആളുകളാണ് ഇന്നുള്ളത്. അതിൽ ഡ്യൂട്ടിക്ക് കിട്ടുന്നത് 1651 പേരെയാണ്. ബാക്കി 94 പേർ മറ്റു മേഖലകളിലാണ്. റീഹാബിലിറ്റേഷൻ പ്ലാന്റേഷനിൽ കുറച്ച് ഗാർഡ്സിനെ അയച്ചിട്ടുണ്ട്. ഫ്ളയിംഗ് സ്കാഡിലേക്ക് കുറച്ചുപേർ പോകും. മറ്റ് സ്റ്റാഫിനെ ഡിപ്പാർട്ടുമെന്റിന്റെ ദൈനംദിന ആവശ്യത്തിന് ഉപയോഗിക്കുന്നു.

ഡോ. എ. സുബ്ബറാവു: ഈയിടെ തലശ്ശേരി ഡിവിഷനൽ ഫോറസ്റ്റ് ആഫീസിൽ ഒരു ഫോറസ്റ്ററേയും മൂന്ന് ഗാർഡുമാരെയും

LIBRARY ARCHIVES Kerala Legislative Assembly

സസ്പെൻറ് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് പറയാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പ്രത്യേക കേസ് പരിശോധിച്ചാലേ പറയാൻ പറ്റുകയുള്ളു. സാധാരണ കുറ്റം ചെയ്യുന്ന അവസരത്തിൽ സസ്പെൻറ് ചെയ്യാറുണ്ട്.

ശ്രീ. കെ. രാഘവൻമാസ്റ്റർ: വന സംരക്ഷണത്തിന് വനവുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടുകഴിയുന്ന ആദിവാസികളുടെ സേവനം ബ്രിട്ടീഷ് ഗവൺമെൻറിന്റെ കാലത്തുപോലും ഉപയോഗിച്ചിരുന്നു. വനം കൊള്ളയും മറ്റും നടക്കുന്ന അവസരത്തിൽ അത് തടയുന്നതിന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരെ സഹായിക്കുന്നതിനുവേണ്ടി ആദിവാസികളെയാണ് ഉപയോഗിച്ചിരുന്നത്. ഒരു വിദ്യോഭ്യാസവുമില്ലാത്ത ആദിവാസികൾക്ക് ഫോറസ്റ്റിൽ ഉദ്യോഗം കിട്ടുമായിരുന്നു. പക്ഷേ ഇന്ന് ജനകീയ ഗവൺമെൻറ് വന്നതിനുശേഷം ആദിവാസികളെ തീരെ പരിഗണിക്കുന്നില്ല. രണ്ട് ശതമാനം പോലും അവർക്ക് ജോലി കിട്ടുന്നില്ല. ആദിവാസികൾക്ക് അമ്പത് ശതമാനം ജോലി കൊടുക്കണമെന്ന് പട്ടിക ജാതി—പട്ടികവർഗ്ഗ ക്ഷേമസമിതി നിർദ്ദേശിച്ചിട്ടുണ്ട്. ആ കാര്യം ഗവൺമെൻറ് പരിഗണിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: നിയമനം നടത്തുന്നത് പി. എസ്. സി. യാണ്. പി. എസ്. സി. മുഖേനയുള്ള പ്രാതിനിധ്യം മാത്രമേ ഇന്ന് കിട്ടുകയുള്ളു. അതിനേക്കാൾ ശതമാനം വർദ്ധിപ്പിക്കണമെങ്കിൽ പ്രത്യേക പ്രശ്നമായി കാണേണ്ടതുണ്ട്. ഫോറസ്റ്റിൽ വേറേയുള്ള ജോലികൾ കൊടുക്കുന്നത് ഭൂരിപക്ഷവും ആദിവാസികൾക്കാണ്. അത് മാത്രമല്ല രണ്ടുദിവസംമുമ്പ് പ്രധാനമന്ത്രി ഉദ്ഘാടനംചെയ്ത സൈലൻറ് വാലി നാഷണൽ പാർക്കിൽ ഇപ്പോഴുള്ള പോസ്റ്റിനുപുറമെ കുറച്ച് ആളുകളെ വേണമെന്ന് പറഞ്ഞപ്പോൾ ആദിവാസികളെത്തന്നെ എടുക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുമുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: നിലവിലുള്ള ഗവൺമെൻറിന്റെ ധാരണയ്ക്കനുസരണമായിട്ട് ഫോറസ്റ്റ് ഗാർഡുകളെല്ലാം വിതുര പ്രദേശത്തുണ്ട്. രണ്ടാഴ്ചയ്ക്കുമുമ്പ് പതിനയ്യായിരം രൂപ വില വരുന്ന ഒരു വലിയ ആഞ്ഞിലി മരം മുറിച്ചു. നാട്ടുകാർ വിവരം റെയിഞ്ച് ആഫീസറെ അറിയിച്ച് റെയിഞ്ച് ആഫീസർ സ്ഥലത്തുവന്ന് നടപടി സ്വീകരിക്കുകയും തടി ഡിപ്പാർട്ടുമെൻറിൽ ഏല്പിക്കുകയും ചെയ്തു. ആ തടി പകൽ ലോറിയിൽ കയറ്റി കടത്തിയിരിക്കുന്നു. ഫോറസ്റ്റ് ഗാർഡുകൾ ഉണ്ടായിട്ടും ഫോറസ്റ്റിനെ ഏല്പിച്ച തടി മോഷണം പോയി. അതിൻ മേൽ എന്ത് നടപടി സ്വീകരിച്ചു? അതു സംബന്ധിച്ച് വല്ല വിവരവും ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: നേരത്തെ ഈ വിവരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിൽ 24 മണിക്കൂറിനകം അന്വേഷിച്ച് നടപടി സ്വീകരിക്കാമായിരുന്നു. ഏതായാലും ഇപ്പോഴെങ്കിലും ശ്രദ്ധയിൽപ്പെടുത്തിയതിന് നന്ദിയുണ്ട്. വിശദമായി അറിയിച്ചാൽ വളരെ അടിയന്തിരമായി അന്വേഷിക്കുകയും കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബെന്നി ബഹനാൻ: ഫോറസ്റ്റ് ഗാർഡുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പലപ്പോഴും പരാതി നിലവിലിരിക്കെ എന്തെങ്കിലും ഫ്ളൈയിങ് സ്കാഡോ മറ്റ് പരിശോധനകളോ നടത്തി ഫോറസ്റ്റ് ഗാർഡിന്റെ പ്രവർത്തനം അല്പം കൂടി കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഫോറസ്റ്റ് ഗാർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഡിപ്പാർട്ടുമെന്റിന്റെ പ്രൊപ്പോസൽ നിലവിലുള്ള സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുക, സെക്ഷനുകൾ വർദ്ധിപ്പിക്കുക, സൂപ്പർ ചെക്ക് നടത്തുന്നതിനുള്ള സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക എന്നിവയാണ്.

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, ഫോറസ്റ്റ് കൺകറന്റ് ലിസ്റ്റിൽ പെടുത്തിയിരിക്കുകയാണ്; സ്റ്റേറ്റ് സബ്ജക്ടിലല്ല. മരം മുറിക്കുന്നതിനും മറ്റും കേന്ദ്രത്തിന്റെ അനുവാദം വേണമെന്നാണ്. എന്നാൽ ഒട്ടും മുറിയുമൊക്കെ വേറെ നടക്കുന്നുണ്ട്. അതല്ല ഞാൻ പറയുന്നത്. ഭരണഘടനയനുസരിച്ച് കൺകറന്റ് സബ്ജക്ടിൽപെടുത്തിയ ഫോറസ്റ്റിലെ ഗാർഡുമാർക്ക് ശമ്പളം, സർവ്വീസ്, ഡ്രസ്, അലവൻസ് ഇതെല്ലാം കൺകറന്റ് അടിസ്ഥാനത്തിലാണ് വേണ്ടത്. ഫോറസ്റ്റിനെ കൺകറന്റ് സബ്ജക്ടിൽ പെടുത്തുകയും സ്റ്റേറ്റ് ശമ്പളം കൊടുക്കുകയും ചെയ്യുന്ന വൈരുദ്ധ്യം അവസാനിപ്പിക്കാൻ സ്റ്റേറ്റ് ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഡ്രസ്സും മറ്റു കാര്യങ്ങളുമെല്ലാം അവരുമായി ചർച്ച നടത്തി അവരുടെ ആവശ്യപ്രകാരം അംഗീകരിച്ചു കൊടുത്തിട്ടുണ്ട്. വനസംരക്ഷണമാണ് കേന്ദ്രത്തിന്റെ നിർദ്ദേശം.

ശ്രീ. ഇ. കെ. നായനാർ: ഞാൻ ചോദിച്ച ചോദ്യംതന്നെ മന്ത്രിക്ക് മനസ്സിലായിട്ടില്ല. ഫോറസ്റ്റിനെ കൺകറന്റ് സബ്ജക്റ്റിൽ പെടുത്തിയിരിക്കുകയാണ്. കൺകറന്റ് സബ്ജക്റ്റുകൾക്ക് നിയമപരമായ ആനുകൂല്യമുണ്ട്. അത് സെൻട്രൽ ഗവൺമെന്റിന്റെ ആനുകൂല്യങ്ങളാണ്; സ്റ്റേറ്റിന്റേതല്ല. നമ്മൾ ശമ്പളം കൊടുക്കുകയും പണി അവർ നടത്തിക്കുകയുമാണ് ഇപ്പോൾ ചെയ്യുന്നത്. എന്നാൽ കൺകറന്റ് അടിസ്ഥാനത്തിൽ അവർക്ക് ശമ്പളവും അലവൻസും മറ്റ് ഫെസിലിറ്റീസും പെൻഷനും കൊടുക്കാൻ കേന്ദ്രഗവൺമെന്റിനോട് നമ്മൾ ആവശ്യപ്പെട്ടുവോ, അല്ലെങ്കിൽ കൺകറന്റ് സബ്ജക്ടിൽനിന്ന് സ്റ്റേറ്റിന് വിട്ടുതരുകയെന്ന നയം സ്വീകരിക്കാൻ മുഖ്യമന്ത്രി തയ്യാറാകുമോ അല്ലെങ്കിൽ ഫോറസ്റ്റ് മന്ത്രി തയ്യാറാകുമോ? ഈ വിരോധാഭാസം അവസാനിപ്പിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പ്രതിപക്ഷനേതാവ് പറഞ്ഞതുതന്നെ ശരിയല്ല. ജോലി അവരല്ല ചെയ്യിക്കുന്നത്. നമ്മളാണ് ചെയ്യിക്കുന്നത്. ഇന്നയിന്ന ജോലി ചെയ്യണം, ഇന്നയിന്ന പ്രദേശങ്ങൾ കാക്കണമെന്ന് തീരുമാനിക്കുന്നത് ഇവിടെയാണ്. കൺകറന്റ് സബ്ജക്ടിൽ പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവരല്ല ജോലി ചെയ്യിപ്പിക്കുന്നത്. വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ അവരുടെ അനുവാദം വേണമെന്നാണ്. ജോലി ചെയ്യിക്കുന്നത് നമ്മളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ: ഞാൻ ചോദിച്ചത് മന്ത്രിക്ക് മനസ്സിലായില്ല. ഫോറസ്റ്റ് മുമ്പ് കൺകറൻറ് സബ്ജക്ടിലായിരുന്നില്ല. ഇപ്പോഴാ കൺകറൻറ് സബ്ജക്ടിലാണ്. അതുവച്ച് കേന്ദ്രത്തിൻെറ ആനുകൂല്യം ഇവർക്കു കൊടുക്കാൻ നടപടി സ്വീകരിക്കുമോ എന്നാണ് എൻെറ ചോദ്യം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കൺകറൻറ് ലിസ്റ്റിൽ വരുന്ന എല്ലാ കാര്യങ്ങൾക്കും കേന്ദ്രം സഹായം ചെയ്യുക എന്നുള്ള വ്യവസ്ഥ ഇല്ല.

ശ്രീ. ഇ. കെ. നായനാർ: സഹായത്തിന് ആവശ്യപ്പെടുമോ അല്ലെങ്കിൽ അഭ്യർത്ഥിക്കുമോ എന്നുള്ളതാണ് ചോദ്യം. ഈ പറഞ്ഞത് എനിക്കറിയാം.

ശ്രീ. കെ. പത്മനാഭൻ: പെരുവണ്ണാമൂഴിക്കടുത്തുള്ള വനപ്രദേശങ്ങളിൽ നടന്ന വനംകൊള്ള തടയാൻ ശ്രമിച്ച ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാരെ വനംകൊള്ളക്കാർ കൈയേറ്റം ചെയ്ത സംഭവം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനംകൊള്ള ഏറ്റവും കൂടുതൽ നടക്കുന്ന ആ പ്രദേശത്ത് കൂടുതൽ ഫോറസ്റ്റ് ഗാർഡുമാരേയും അവർക്കാവശ്യമായ വാഹനസൗകര്യവും കൊടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇത് ഞാൻ നേരത്തേ പറഞ്ഞു. പ്രത്യേകമായ ചില സ്ഥലങ്ങളിൽ പ്രത്യേകമായ സഹായം ആവശ്യമുള്ളപ്പോഴാ നൽകാനുള്ള നടപടികളുണ്ട്. അത് റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നിശ്ചയിക്കാനാണ് ശ്രമിക്കുന്നത്. വനംവകുപ്പ് ഉദ്യോഗസ്ഥൻമാർക്കുപുറമെ പോലീസിൻെറ സഹായംകൂടി ചില പ്രത്യേക സ്ഥലത്ത് സംരക്ഷണത്തിനുവേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്.

ശ്രീ. എ. സി. ജോസ്: ഇത് സുശക്തമാക്കാൻ ഗാർഡുമാരുടെ എണ്ണം കൂട്ടും സെക്ഷനുകളുടെ എണ്ണം കൂട്ടും എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോഴാ പറയുകയുണ്ടായി. ഇവരുടെ ഗുണപരമായ നിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഓരോ ഗാർഡും എന്തെല്ലാം ചെയ്യുന്നു, എന്തെല്ലാം ചെയ്യണം എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഇന്നില്ല. അങ്ങനെ എന്തെങ്കിലും സംവിധാനം ഉണ്ടാക്കുന്ന കാര്യം ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അവരുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനാണ് ഇത്രയും മാർഗ്ഗങ്ങൾ പറഞ്ഞത്. നിയോഗിക്കപ്പെട്ട ജോലികൾ അവർ കൃത്യമായി നടത്തുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക സ്കാഡിനെ നിശ്ചയിക്കാൻ ഗവൺമെൻറിൻെറ മുമ്പിൽ ആലോചനയുണ്ട്. അതുപോലെ അവരുടെ ജോലിനിലവാരം തിട്ടപ്പെടുത്തുന്നതും മറ്റും പരിഗണിക്കാനുള്ള വിഷയമാണ്.

ശ്രീ. ജി. വരദൻ: 50, 60 കിലോമീറ്റർ ദൂരമുള്ള മൂന്നാർ ടി.വിയിൽ ഒരു Wireless Set ഉടനടിയായി കൊണ്ടു വരുവാൻ നമ്മുടെ സർക്കാർ തീരുമാനം എടുത്തതു. എന്നാൽ ഇതു വരെയും കൊടുക്കാത്തതിൻ കാരണം എന്ത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: വന്യജീവിസങ്കേതങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിലാണ് വയർലസ് സെറ്റിൻെറ ജോലി നടന്നുകൊണ്ടിരിക്കുന്നത്. അത് പൂർത്തിയായിക്കഴിഞ്ഞാലുടനെ വന്യ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ വയർലസ് സെറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

ശ്രീ. കെ. പി. രാമൻ: വനംകൊള്ളക്കാരുടെ ആക്രമണങ്ങൾക്കു പല പ്പോഴും ഫോറസ്റ്റ് ഗാർഡുമാർ വിധേയരാകാറുണ്ട്. ഫോറസ്റ്റ് ഗാർഡുമാർക്ക് ഇതിൽനിന്നെല്ലാം സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ നൽകാറുണ്ടോ, ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: എല്ലാസ്ഥലങ്ങളിലും ഇല്ല, ഇപ്പോൾ ഫ്ളയിംഗ് സ്കാഡിന് ആയുധങ്ങൾ നൽകിയിട്ടുണ്ട്. അതുപോലെ തന്നെ വന്യജീവിസങ്കേതങ്ങളിലും പ്രത്യേകമായ ചില റെയിഞ്ചുകളിലും ആയുധങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: ഫോറസ്റ്റ് പ്രൊട്ടക്ഷൻ സ്റ്റാഫിന്റെ എണ്ണം ഇത്രമാത്രം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ, യു. പി. യിലും ഹിമാചൽപ്രദേശിലുമൊക്കെ ചെയ്യുന്നതുപോലെ സ്വമേധയാവരുന്ന സന്നദ്ധസംഘടനകളുടെ സഹായം വനം രക്ഷിക്കുന്ന കാര്യത്തിൽ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഇപ്പോൾ തടസ്സമാണ് ചെയ്യുന്നത്. അതിനുപകരം അവരുടെ സഹകരണം സമ്പാദിക്കാനും ഉപയോഗപ്പെടുത്താനും ഗവൺമെന്റ് തയ്യാറാകുമോ?

(ഉത്തരം പറഞ്ഞില്ല)

നാടൻ വള്ളങ്ങൾക്ക് ആവശ്യമായ മണ്ണെണ്ണ

* (79) [121] ശ്രീ. കെ. കെ. ബാലകൃഷ്ണൻ:
,, കെ. കൃഷ്ണൻകുട്ടി:
,, എ. വി. താമരാക്ഷൻ:
,, പി. വിജയദാസ്:
,, വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾ ഘടിപ്പിച്ച മൽസ്യബന്ധനത്തിനുള്ള നാടൻ വള്ളങ്ങളുടെ ഉടമസ്ഥർക്ക് ആവശ്യമായ മണ്ണെണ്ണ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുവാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വള്ളത്തിനും ദിവസം എത്ര ലിറ്റർ മണ്ണെണ്ണയാണ് വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ ആവശ്യത്തിന് എത്ര ലിറ്റർ മണ്ണെണ്ണ ഒരു മാസത്തിൽ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ ആവശ്യത്തിനുള്ള മണ്ണെണ്ണ കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുന്നുണ്ടോ;

(ഇ) ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങൾക്കുള്ള മണ്ണെണ്ണയുടെ നിലവിലുള്ള അളവ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly